<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കോതമംഗലം ഡിപ്പോയിൽ റീട്ടയിൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പമ്പുകളുൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ റീട്ടയിൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 93 ഡിപ്പോകൾ ഉണ്ട്. ഇതിൽ 72 ഡിപ്പോകളിൽ കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി കൺസ്യൂമർ ഡീസൽ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സിയുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജന പ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 80 റീട്ടയിൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലും ആയിരിക്കും ഈ ഔട്ട്ലെറ്റുകളിൽ നിന്ന് വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ CNG, Electricity Vehicle Charging എന്നിവയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തി ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുന്നതായിരിക്കും.<br><br>**സംസ്ഥാനത്തുടനീളം റീട്ടയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ (യാത്രാ ഫ്യൂവൽസ്) സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ട ത്തിൽ തിരുവനന്തപുരം സിറ്റി, കിളിമാനൂർ, ചടയമംഗലം, ചേർത്തല, മൂന്നാർ, ചാലക്കുടി, മൂവാറ്റുപുഴ, കോഴിക്കോട് എന്നീ ഡിപ്പോകളിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് ഒഴിച്ചുള്ള ഔട്ട്ലെറ്റുകളിൽ നിന്ന് പെട്രോളും ഡീസലും വിതരണം ചെയ്തുവരുന്നു. കോഴിക്കോട് ഔട്ട് ലെറ്റിൽ നിന്നും ഡീസൽ മാത്രമാണ് വിതരണം ചെയ്യുന്നത്. കൂടാതെ തൃശ്ശൂർ, ഗുരുവായൂർ, നോർത്ത് പറവൂർ,** |

| | | | |
|---|---|---|---|
| | | | **പൊൻകുന്നം, മാവേലിക്കര എന്നീ ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകളുടെ ഭാഗിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.**<br><br>**2021 സെപ്റ്റംബർ 15-ന് ബഹു. കേരളാ ധനകാര്യ വകുപ്പ് മന്ത്രി ഔട്ട്‌ലെറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് ഈ സംരംഭം 2022 മേയ് മാസം വരെ 261.61 കോടി രൂപയുടെ വിറ്റ്‌വരവ് നടത്തുകയും 4.2 കോടി രൂപയുടെ ലാഭം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ഇതു കൂടാതെ കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നതിനാൽ 2022 ഫെബ്രുവരിയ്ക്ക് മുമ്പുവരെ ബൾക്ക് കൺസ്യൂമറിന് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ ആയിരുന്നു. എന്നാൽ 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. നിലവിൽ ബൾക്ക് കൺസ്യൂമേഴ്സിന് ലിറ്ററിന് 132.94 രൂപയായി (16/6/2022) വർദ്ധിച്ചിരിക്കുകയാണ്. അതായത് പൊതുവിപണിയേക്കാൾ ലിറ്ററിന് 36.52 രൂപ അധികമാണ്. ഈ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനായി കെ.എസ്.ആർ.ടി. സി.യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ കൺസ്യൂമർ പമ്പിലേക്ക് ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയാതിനാൽ ദിവസം ഏകദേശം ഒരു കോടി പത്ത് ലക്ഷം രൂപയുടെ അധിക ബാധ്യത കൂടി ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.** |
| (ബി) | കോതമംഗലം ഡിപ്പോയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നടപടി സ്വീകരിച്ചു വരുന്നു.<br><br>കോതമംഗലം ഡിപ്പോയിൽ M/s. IOCL-ന്റെ ആഭിമുഖ്യത്തിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. നിർദ്ധിഷ്ട സ്ഥലം സംബന്ധിച്ച രേഖകൾ M/s. IOCL-ന് കൈമാറിയിട്ടുണ്ട്. Petroleum Explosive Safety Organization (PESO)-യുടെയും ജില്ലാ ഭരണകൂടത്തിൽ നിന്നുമുള്ള അനുമതികൾക്കുമായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. 2022 ഒക്ടോബർ മാസവസാനത്തോടു കൂടി റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ